# സമഗ്ര ശിക്ഷാ, കേരളം

**1005**

## പാദവാർഷിക മൂല്യനിർണയം 2019 - 20

## സാമൂഹ്യശാസ്ത്രം

സ്റ്റാൻേർഡ് : X

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : ൯൦

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം (7 x 2 = 14)**

1. താഴെ കൊടുത്തിരിക്കുന്ന മുദ്രാവാക്യങ്ങളുമായി ബന്ധപ്പെട്ട വിപ്ലവങ്ങൾ ഏവ?
   എ. പ്രാതിനിധ്യമില്ലാതെ നികുതിയില്ല.
   ബി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം.
2. ഇരുപതാം നൂറ്റാണ്ടിൽ തീവ്രദേശീയതയിൽ അധിഷ്ഠിതമായി രൂപീകരിക്കപ്പെട്ട പ്രസ്ഥാനമാണ് പാൻസ്ലാവ് പ്രസ്ഥാനം. ഇത്തരത്തിൽ രൂപംകൊണ്ട മറ്റ് പ്രസ്ഥാനങ്ങൾ ഏതെല്ലാം?
3. കാറ്റിന്റെ വേഗതയെയും ദിശയേയും സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ് ഘർഷണം. മറ്റ് ഘടകങ്ങൾ ഏവ?
4. "മാനവവിഭവശേഷി വികസിപ്പിച്ചാൽ മാത്രമേ ഉല്പാദനവർധനവും രാജ്യപുരോഗതിയും സാധ്യമാവുകയുള്ളൂ." മാനവവിഭവശേഷി വികസനത്തിന്റെ ഏതെങ്കിലും രണ്ട് തലങ്ങൾ എഴുതുക.
5. വിവരാവകാശ നിയമത്തിന്റെ മുഖ്യലക്ഷ്യങ്ങൾ എന്തെല്ലാം?
6. ഇന്ത്യൻ സ്റ്റാൻേർഡ് സമയം ബുധനാഴ്ച 4 pm ആയിരിക്കുമ്പോൾ ഗ്രീനിച്ച് രേഖാംശത്തിലെ സമയം എത്രയായിരിക്കും?
7. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് ഹേമന്തകാലവുമായി ബന്ധപ്പെട്ടവ കണ്ടെത്തുക.
   - വേനൽക്കാലത്തിൽ നിന്നും ശൈത്യകാലത്തിലേക്കുള്ള പരിവർത്തനകാലം
   - ശൈത്യകാലത്തിൽ നിന്നും വേനൽക്കാലത്തിലേക്കുള്ള പരിവർത്തനകാലം
   - ചെടികൾ തളിർക്കുകയും പൂക്കുകയും ചെയ്യുന്നു.
   - മരങ്ങൾ ഇലപൊഴിക്കുന്ന കാലം
8. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ശേഷം ആഗോളരംഗത്ത് ആധിപത്യം നിലനിർത്താൻ അമേരിക്ക ആവിഷ്കരിച്ച തന്ത്രങ്ങൾ ഏതെല്ലാം?

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം (6 x 3 = 18)**

9. എന്താണ് മെർക്കന്റലിസം? രണ്ട് മെർക്കന്റലിസ്റ്റ് നിയമങ്ങൾ എഴുതുക.
10. അന്താരാഷ്ട്ര ദിനാങ്കരേഖയുടെ സവിശേഷതകൾ വ്യക്തമാക്കുക.
11. 'മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെ വികസനവും ഉപയോഗവും മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നതിലൂടെ സാധ്യമാവും'. മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള മറ്റു പ്രയോജനങ്ങൾ എഴുതുക.
12. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഘടന വിശദമാക്കുക.
13. 1929-ലെ സാമ്പത്തികമാന്ദ്യം ലോകത്തുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാം?
14. മൺസൂൺ കാറ്റുകളുടെ രൂപപ്പെടലിന് കാരണമാകുന്ന ഘടകങ്ങൾ ഏതൊക്കെ?
15. ഓംബുഡ്സ്മാൻ സംവിധാനം പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നതെങ്ങനെ?

**16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം (9 x 4 = 36)**

16. 'എ' കോളത്തിനനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തിയെഴുതുക.

| എ | ബി |
|---|---|
| യാസർ അറഫാത്ത് | സോവിയറ്റ് യൂണിയൻ |
| ഗോർബച്ചേവ് | പാലസ്തീൻ വിമോചന സംഘടന |
| അഹമ്മദ് സുക്കാർണോ | ഗസ്റ്റപ്പോ |
| അഡോൾഫ് ഹിറ്റ്ലർ | ചേരിചേരാ പ്രസ്ഥാനം |

17. രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ ഏവ?
18. ഉത്തരായനം, ദക്ഷിണായനം എന്നിവ എന്തെന്ന് വിശദമാക്കുക.
19. ലോക്പാൽ, ലോകായുക്ത എന്നിവയുടെ പ്രവർത്തനം താരതമ്യം ചെയ്യുക.
20. കോളനിവൽക്കരണം ലാറ്റിനമേരിക്കൻ ജനജീവിതത്തെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?
21. പ്രാദേശിക വാതങ്ങളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| ലൂ | (എ)........................................ |
| ഫൊൻ | (ബി)........................................ |
| (സി)........................................ | സഹാറമരുഭൂമി |
| (ഡി) ........................................ | റോക്കി പർവ്വതനിര |

22. എ) എന്താണ് സ്റ്റാന്റേർഡ് സമയം?

ബി) ഇന്ത്യൻ സ്റ്റാന്റേർഡ് സമയം കണക്കാക്കുന്നത് ഏത് രേഖാംശത്തെ അടിസ്ഥാനമാക്കിയാണ്?

സി) സ്റ്റാന്റേർഡ് സമയം കണക്കാക്കുന്നതിന്റെ ആവശ്യകതയെന്ത്?

23. വിദ്യാഭ്യാസം രാജ്യത്തിന്റെ വികസനത്തെ എങ്ങനെ സഹായിക്കുന്നു എന്ന് വ്യക്തമാക്കുക.

24. ഫാഷിസത്തിന്റെ ജർമൻ പതിപ്പാണ് നാസിസം. സമർത്ഥിക്കുക.

25. ജനസംഖ്യാപഠനത്തിന്റെ ആവശ്യകത വിശദമാക്കുക.

**26, 27 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**
**ഓരോന്നിനും 6 സ്കോർ വീതം (2 x 6 = 12)**

26. ആഗോള മർദ്ദമേഖലകളുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(i) ചിത്രത്തിൽ 'എ', 'ബി' എന്നിവ ഏത് മർദ്ദമേഖലകളെ സൂചിപ്പിക്കുന്നു?

(ii) ഉപധ്രുവീയ ന്യൂനമർദ്ദമേഖല രൂപംകൊള്ളുന്നതെങ്ങനെ?

(iii) പണ്ട് കാലത്ത് പായ്ക്കപ്പലിൽ സഞ്ചരിച്ചിരുന്ന യാത്രികർക്ക് മധ്യരേഖാ ന്യൂനമർദ്ദമേഖല പേടിസ്വപ്നമായിരുന്നു. എന്തുകൊണ്ട്?

**അല്ലെങ്കിൽ**

താഴെ തന്നിരിക്കുന്ന ആഗോളവാതങ്ങളെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

- വാണിജ്യവാതങ്ങൾ
- പശ്ചിമവാതങ്ങൾ
- ധ്രുവീയ പൂർവ്വവാതങ്ങൾ

(സൂചകങ്ങൾ : ദിശ, മർദ്ദമേഖലകൾ)

27. ഫ്രഞ്ച് വിപ്ലവത്തിന്റെ കാരണങ്ങൾ ചുരുക്കി വിവരിക്കുക.

സൂചകങ്ങൾ :

- ഏകാധിപത്യഭരണം
- സാമൂഹിക അസമത്വങ്ങൾ
- ചിന്തകന്മാരുടെ സ്വാധീനം

**അല്ലെങ്കിൽ**

ചൈന ഒരു ജനകീയ റിപ്പബ്ലിക് ആയതെങ്ങനെയെന്ന് വിശദമാക്കുക.

സൂചകങ്ങൾ :

- സൻയാത് സെന്നിന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം
- ചിയാങ് കൈഷക്കിന്റെ ഭരണം
- മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം.